**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.811** **11/03/2015-ൽ മറുപടിക്ക്**

## കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻവഴി ഔഷധ വിതരണം

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വെയർ ഹൗസുകളിലേയ്ക്കുള്ള ഔഷധ വിതരണം നിലച്ചതു മൂലം സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ-അവശ്യ മരുന്നുകളുടെ ക്ഷാമം അനുഭവപ്പെടുന്നകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ജീവൻരക്ഷാമരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്. |
| (ബി) | പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനും ജീവൻ രക്ഷാ മരുന്നുകളുടെ ആവശ്യമായ സ്റ്റോക്കുകൾ എത്തിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കളുടെ ചികിത്സയോടനുബന്ധിച്ച് വേണ്ടി വരുന്ന മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | കാരുണ്യ ബനവലന്റ് ഫണ്ട് ഗുണഭോക്താക്കൾക്ക് കെ.എം.എസ്.സി.എൽ. വഴി വിപണി വിലയെക്കാൾ കുറഞ്ഞ നിരക്കിൽ മരുന്ന് ലഭ്യമാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ